പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 756

28-09-2011-ൽ മറുപടിയ്ക്ക്

# കടൽഭിത്തി നിർമ്മിക്കുവാൻ നടപടി

ചോദ്യം

ശ്രീ.പി.ശ്രീരാമകൃഷ്ണൻ

(എ) പൊന്നാനി തീരമേഖല അതിരൂക്ഷമായ കടൽക്ഷോഭം നടക്കുന്ന സ്ഥലമാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടൽക്ഷോഭംമൂലം നിരവധി വീടുകൾ തകർന്നുപോകുന്നതിനാൽ ജനവാസം ദുരിതപൂർണ്ണമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഹരിക്കാൻ മുനമ്പം ബിവി ജാറം, മുറിഞ്ഞഴി തുടങ്ങി ഒരു കിലോമീറ്റർ ദൂരം കടൽഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രീ.പി.ജെ.ജോസഫ്

(ബഹു.ജലവിഭവ വകുപ്പ് മന്ത്രി)

(എ), (ബി)&(സി)

ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . മുനമ്പം ബീവി ജാറത്തിനു സമീപം 50 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. തുടർന്നുള്ള അലിയാർ പള്ളിക്ക് സമീപം 100 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കും ജിലാനഗർ മുതൽ അബൂഹുറൈറ പള്ളി വരെ 845 മീറ്റർ നീളത്തിലും കടൽഭിത്തി പുനരുദ്ധാരണത്തിനുമുള്ള എസ്റ്റിമേറ്റും തയ്യാറായി വരുന്നു.

സെക്ഷൻ ഓഫീസർ